കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - വയനാട് ജില്ലയിലെ നെന്മേനി ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി ഷിനി വർഗ്ഗീസിന് 01.04.2014 മുതൽ 30.11.2014 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം.1927/ 2016/തസ്വഭവ                തീയതി, തിരുവനന്തപുരം, 16/6/2016

പരാമർശം: 1) ശ്രീമതി ഷിനി വർഗ്ഗീസിന്റെ 31.03.2014 ലെ ശൂന്യവേതനാവധിയപേക്ഷ

2) പഞ്ചായത്ത് ഡയറക്ടറുടെ 24.06.2014 ലെ ഇ 5-20072/2014 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ നെന്മേനി ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി ഷിനി വർഗ്ഗീസിന് 01.04.2014 മുതൽ 30.11.2014 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീമതി ഷിനി വർഗ്ഗീസ് ടിയാളുടെ ശൂന്യവേതനാവധിയപേക്ഷയ്ക്കൊപ്പം സമർപ്പിച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത വിലയിരുത്തുന്നതിന്റെ ഭാഗമായി രണ്ടാം വൈദ്യപരിശോധന നടത്തി കെ . എസ് . ആർ ഭാഗം 1, ചട്ടം 118 ( എ ) പ്രകാരം മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും 01.12.2014 തീയതിയിലുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റും സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ നെന്മേനി ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി ഷിനി വർഗ്ഗീസിന് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 (i) പ്രകാരം 01.04.2014 മുതൽ 30.11.2014 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ആർജ്ജിതാവധിക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി. എസ്**

**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, നെന്മേനി ഗ്രാമ പഞ്ചായത്ത്, വയനാട്. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി ഷിനി വർഗ്ഗീസ്, സീനിയർ ക്ലാർക്ക്, നെന്മേനി ഗ്രാമ പഞ്ചായത്ത്, വയനാട്.
(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ധനവകുപ്പ് ( 26.04.2016 ലെ ഇ-215178/ആർബി2/16/ധന നമ്പർ കുറിപ്പ്)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(117/ഇപിഎ 1/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ